**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 421

10.03.2015-ലെ മറുപടിയ്ക്ക്

**ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (എ) വേണ്ടത്ര ഫണ്ടിന്റെ അഭാവം മൂലം ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നേരിടുന്ന വ്യാപാര കുറവിന് പരിഹാരം കാണുന്നതിനായി കൺസ്യൂമർഫെഡിന്റെ കീഴിലുള്ള വിദേശമദ്യ വ്യാപാരം ഉൾപ്പെടെയുള്ള മറ്റ് ഡിവിഷനുകളിലെ വിൽപ്പന മാർജിൻ ഉപയോഗിച്ച് ത്രിവേണി/നന്മ സ്റ്റോറുകളിൽ പരമാവധി സ്റ്റോക്ക് എത്തിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനും റീജിയൻ അടിസ്ഥാനത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) ത്രിവേണി സ്റ്റോറുകളിൽ അവശ്യത്തിന് സാധനങ്ങൾ ലഭ്യമാകാത്തതു സംബന്ധിച്ചുള്ള പരാതിക്ക് പരിഹാരം കാണുന്നതിന് ശ്രദ്ധിക്കുമോ ; | (ബി) ത്രിവേണി സ്റ്റോറുകളിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. |

(സി) സബ്സിഡി സാധനങ്ങൾ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിതരണം ചെയ്ത് ഈ സ്റ്റോറുകളെ ജനകീയമാക്കുവാൻ നടപടി സ്വീകരിക്കുമോ ; ഈ സാമ്പത്തിക വർഷം എത്ര രൂപയാണ് സബ്സിഡിക്ക് നീക്കിവച്ചിരിക്കുന്നത് ; ആയത് മുഴുവനും ചെലവാക്കിയിട്ടുണ്ടോ ;വിശദമാക്കുമോ;

(സി) ത്രിവേണി സ്റ്റോറുകളിലൂടെ ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ നിരക്കിലും, നന്മ സ്റ്റോറുകളിലൂടെ വർഷം മുഴുവനും പൊതുവിപണിയിൽ നിന്നും 20% വരെ വിലകുറച്ചുമാണ് വിതരണം ചെയ്തുവരുന്നത്. പരിമിതമായ സാമ്പത്തിക സാഹചര്യങ്ങളിൽ നിന്നുകൊണ്ട് പരമാവധി ജനകീയമായ രീതിയിലാണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നത്. ഈ സാമ്പത്തിക വർഷം 11 കോടി രൂപയാണ് സബ്സിഡിക്ക് നീക്കിവച്ചിട്ടുണ്ടായിരുന്നത്. ടി 11 കോടി രൂപയും അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമായ 39 കോടി രൂപയും ചേർത്ത് ആകെ 50 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് എത്ര ത്രിവേണി സ്റ്റോറുകളും നന്മ സ്റ്റോറുകളും നഷ്ടത്തിൽ പ്രവർത്തിക്കുന്നു; വ്യക്തമാക്കുമോ?

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 239 ത്രിവേണി സ്റ്റോറുകളിൽ 228 സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കൺസ്യൂമർഫെഡറേഷൻ നേരിട്ട് നടത്തുന്ന 860 നന്മ സ്റ്റോറുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

സെക്ഷൻ ഓഫീസർ